**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ : അനുപമ റ്റി.വി IAS)

വിഷയം :- വനിതശിശുവികസനവകുപ്പ്, ഡയറക്ടറേറ്റ്- ആദ്യ 1000 ദിന പരിപാടി – 2021- 22 രണ്ടാം ഗഡു തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- (1) സ.ഉ.(സാധാ) നം.395/2021/സാനീവ തീയതി -07-06-2021

(2) 01-07-2021 ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ കത്ത്.

(3) 19-07-2021 ലെ വനിത ശിശുവികസന ഡയറക്ടറുടെ ICDS/A5/5515/2021 നം ഉത്തരവ്.

(4) 14 ജില്ലാ പ്രോഗ്രാം ഓഫീസർമാർ നൽകിയ റിപ്പോർട്ട്.

**ഉത്തരവ് നം ICDS/A5/5515/21 തീയതി.20.12.2021**

ഗർഭാവസ്ഥയിലായിരിക്കുമ്പോൾ മുതൽ കുട്ടിയ്ക്ക് 2 വയസ്സ് തികയുന്നതുവരെയുള്ള ആദ്യ 1000 ദിനങ്ങൾ കുട്ടിയുടെ സമഗ്ര വളർച്ചയിൽ അതീവ പ്രാധാന്യമുള്ളതായതിനാൽ കുട്ടിയുടെ ശരിയായ വളർച്ചയ്ക്കും വികാസത്തിനും ആ ദിനങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

സംസ്ഥാനത്തെ തെരഞ്ഞെടുത്ത 28 ഐ.സി.ഡി.എസ് പ്രോജക്ടുകളിൽ ആദ്യ 1000 ദിനപരിപാടി നടപ്പിലാക്കുന്നതിലേയ്ക്കായി പരാമർശം(1) ഉത്തരവ് പ്രകാരം മെഡിക്കൽ ക്യാമ്പ്, തെറാപ്യൂട്ടിക് ഫുഡ് വിതരണം ഉൾപ്പെടെ ആകെ 2,18,40,000/- രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്. ടി തുകയിൽ സൂചന (3) ഉത്തരവ് പ്രകാരം മെഡിക്കൽ ക്യാമ്പ് ഉൾപ്പെടെ സംഘടിപ്പിക്കുന്നതിനായി 1,31,09,040/- രൂപ ആദ്യ ഘട്ടമായി ICDS ഓഫീസുകൾക്ക് അനുവദിച്ച് ഉത്തരവായിരുന്നു.

പരാമർശം (3) പ്രകാരം പഞ്ചായത്ത് അടിസ്ഥാനത്തിൽ 3 മാസത്തിലൊരിക്കൽ ഗർഭിണികൾക്കുള്ള മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക, പ്രസ്തുത ക്യാമ്പിൽ ഗർഭിണികളുടെ തൂക്കം, രക്തസമ്മർദ്ദം തുടങ്ങിയവ പരിശോധിച്ച് ഇവർക്കുള്ള തെറാപ്യൂട്ടിക് ഫുഡ് പാക്കറ്റുകൾ അങ്കണവാടികൾ മുഖേന വിതരണം ചെയ്യുക, മെഡിക്കൽ ക്യാമ്പിന്റെ ഭാഗമായി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക എന്നിവ നിർദ്ദേശിച്ചിട്ടുണ്ട്. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ പദ്ധതിയുടെ ഭാഗമായുള്ള മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കാൻ

ആരോഗ്യവകുപ്പുമായി ആലോചിച്ച് തീരുമാനിക്കേണ്ടതും മെഡിക്കൽ ക്യാമ്പ് നടത്താൻ കഴിയാത്ത സാഹചര്യത്തിൽ മാത്രം ആദ്യ മെഡിക്കൽ ക്യാമ്പിനനുവദിച്ച തുകയിൽ നിന്നും കണ്ടെത്തിയ സേവിംഗ്സ് തുകയിൽ അധികരിക്കാത്ത വിധത്തിൽ പരാമർശം (3) ൽ സൂചിപ്പിച്ചിട്ടുള്ള നിർദ്ദേശപ്രകാരം IEC മെറ്റീരിയൽ പ്രിന്റ് ചെയ്ത് എല്ലാ ഗുണഭോക്താക്കൾക്കും വിതരണം ചെയ്യുവാനും നിർദ്ദേശം നൽകിയിരുന്നു. മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്ന പക്ഷം മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തെറാപ്യൂട്ടിക് ഫുഡിന് അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതാണ്. മെഡിക്കൽ ക്യാമ്പ് നടക്കാത്ത പക്ഷം പരാമർശം (2) പ്രകാരം നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിലെ മാനദണ്ഡങ്ങൾ പ്രകാരം പദ്ധതിയിൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്താവുന്നതാണ്. പരാമർശം (3) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള എല്ലാ നിർദ്ദേശങ്ങളും കൃത്യമായും പാലിക്കേണ്ടതും ഓരോ മാസവും പുതിയതായി വരുന്ന ഗുണഭോക്താക്കളെ പദ്ധതിയിൽ ഉൾപ്പെടുത്തി കൃത്യമായി തെറാപ്യൂട്ടിക് ഫുഡ് അർഹതപ്പെട്ടവർക്ക് വിതരണം നടത്തേണ്ടതുമാണ്.

ഒരു ഗുണഭോക്താവിന് ഒരു മാസത്തേയ്ക്ക് 3 കി.ഗ്രാം തെറാപ്യൂട്ടിക് ഫുഡ് വീതം 4 മാസത്തേയ്ക്ക് (ഡിസംബർ മുതൽ മാർച്ച് വരെ ) 12 കി.ഗ്രാം തെറാപ്യൂട്ടിക് ഫുഡ് ആവശ്യമായി വരും 1 കി.ഗ്രാം തെറാപ്യൂട്ടിക് ഫുഡിന് GST ഉൾപ്പെടെ 96.06 രൂപയാണ് ചെലവു വരുന്നത്. പരാമർശം (4) പ്രകാരം 14 ജില്ലാ പ്രോഗ്രാം ഓഫീസർമാരും പദ്ധതിയ്ക്കായി ആദ്യഘട്ടം അനുവദിച്ച തുക ചെലവഴിച്ചതുസംബന്ധിച്ച വിശദാംശവും 2021 ഡിസംബർ മുതൽ 2022 മാർച്ച് വരെയുള്ള കാലയളവിൽ പദ്ധതിയ്ക്കായി ഇനി ആവശ്യമുള്ള തുക സംബന്ധിച്ച വിശദാംശവും ലഭ്യമാക്കുകയുണ്ടായി. ആയത് പ്രകാരം പദ്ധതി നടപ്പിലാക്കുന്ന ആകെയുള്ള 28 പ്രോജക്ടുകളിൽ കോന്നി, അടിമാലി, വൈപ്പിൻ കോതമംഗലം, സുൽത്താൻബത്തേരി എന്നീ 5 ICDS പ്രോജക്ടുകൾ ഒഴികെ ബാക്കിയുള്ള 23 ICDS പ്രോജക്ടുകൾക്ക് ആകെ 42,88,079 രൂപ (നാല്പത്തിരണ്ട് ലക്ഷത്തി എൺപത്തിയെട്ടായിരത്തി എഴുപത്തിയൊൻപത് രൂപ മാത്രം) ആവശ്യമായിട്ടുണ്ട്. തെറാപ്യൂട്ടിക് ഫുഡിനത്തിൽ പ്രോജക്ടുകൾക്ക് ആവശ്യമായിട്ടുള്ള തുക 42,88,079 രൂപ ചുവടെ ചേർത്തിരിക്കും പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| | ആദ്യ 1000 ദിന പരിപാടി-പ്രോജക്ടുകൾ | | 2021-22 വർഷം രണ്ടാം ഘട്ടമായി അനുവദിക്കേണ്ട തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | വെള്ളനാട് | 231697 |
| | | തിരു. അർബൻ 1 | 151000 |
| 2 | കൊല്ലം | കൊല്ലം അർബൻ 1 | 216135 |
| | | അഞ്ചൽ അഡീഷണൽ | 216135 |
| 3 | പത്തനംതിട്ട | റാന്നി അഡീഷണൽ | 40,000 |
| | | കോന്നി | 0 |
| 4 | ആലപ്പുഴ | മുതുകുളം | 288180 |
| | | അമ്പലപ്പുഴ | 70000 |
| 5 | കോട്ടയം | ഈരാറ്റുപേട്ട | 69160 |
| | | കാഞ്ഞിരപ്പള്ളി അഡീഷണൽ | 75000 |
| 6 | ഇടുക്കി | ദേവികുളം അഡീഷണൽ | 288180 |
| | | അടിമാലി | 0 |
| 7 | എറണാകുളം | വൈപ്പിൻ | 0 |
| | | കോതമംഗലം | 0 |
| 8 | തൃശ്ശൂർ | തളിക്കുളം | 231840 |
| | | ചാലക്കുടി അഡീഷണൽ | 337000 |
| 9 | പാലക്കാട് | അട്ടപ്പാടി | 177190 |
| | | കൊല്ലംകോട് | 184198 |
| 10 | മലപ്പുറം | നിലമ്പൂർ അഡീഷണൽ | 167106 |
| | | നിലമ്പൂർ | 432180 |
| 11 | കോഴിക്കോട് | കോഴിക്കോട് അർബൻ 3 | 58649 |
| | | കുന്നമ്മൽ | 216145 |
| 12 | വയനാട് | മാനന്തവാടി | 76656 |
| | | സുൽത്താൻ ബത്തേരി | 0 |
| 13 | കണ്ണൂർ | ഇരിട്ടി | 100000 |
| | | പേരാവൂർ | 223884 |
| 14 | കാസർഗോഡ് | കാസർഗോഡ് അഡീഷണൽ | 149564 |
| | | മഞ്ചേശ്വരം അഡീഷണൽ | 288180 |
| | | ആകെ | 4288079 |

**(നാല്പത്തിരണ്ട് ലക്ഷത്തിഎൺപത്തിയെട്ടായിരത്തി എഴുപത്തിയൊൻപത് രൂപ മാത്രം)**

ഈ തുക ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് BAMS മുഖാന്തിരം അനുവദിക്കേണ്ടതും ജില്ലാവനിതാശിശുവികസന ഓഫീസർമാർ ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക് അനുവദിച്ചിട്ടുള്ള തുക BIMS വഴി വിതരണം നടത്തേണ്ടതുമാണ്. ഇതിനാവശ്യമായ ചെലവുകൾ 2021-22 സാമ്പത്തിക വർഷത്തെ നവജാതശിശുക്കൾക്കുവേണ്ടിയുള്ള ആദ്യ 1000 ദിന പരിപാടിക്ക് വേണ്ടി വകയിരുത്തിയിട്ടുള്ള 2235-02-102-50 (പി) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

ഓരോ മാസവും പദ്ധതിയിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളുടെ എണ്ണം ഉൾപ്പെടെ ചെലവഴിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം പ്രോഗ്രാം ഓഫീസർമാർ ശേഖരിച്ച് ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്

വനിതാശിശുവികസന ഡയറക്ടർ

ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക്

പകർപ്പ്:

1.എല്ലാ ജില്ലാവനിതാശിശുവികസനഓഫീസർമാർക്കും

2.എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

3.സൂപ്രണ്ട് എ സെക്ഷൻ

4. സൂപ്രണ്ട് ബി സെക്ഷൻ

5. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്